## 3 മിനുറ്റ് പ്രവചനക്കുറിപ്പ് തയ്യാറാക്കുവാൻ സഹായകരമായ, പ്രവചനത്തിനുള്ള ഉദാഹരണ-വിഷയങ്ങൾ
## 2025-ICSC—ദൂത് നാല്—പുതിയ ഭർത്താവ്

### ദിവസം 1

**വിഷയം** 1

God our Maker is our Husband (Isa. 54:5)
(Please illustrate that in God's creation, man's original position was that of a wife.)

നമ്മെ ഉണ്ടാക്കിയവനായ ദൈവം നമ്മുടെ ഭർത്താവാകുന്നു (യെശ. 54:5)
(ദൈവത്തിന്റെ സൃഷ്ടിപ്പിൽ, മനുഷ്യന്റെ പ്രാരംഭത്തിലെ സ്ഥാനം ഒരു ഭാര്യയുടേതായിരുന്നു എന്ന് ദയവായി വിശദമാക്കുക.)

**വിഷയം** 2

God did not intend that the old man keep the law, because the old man cannot keep it (Rom. 7:2)
(Please illustrate that God gave the law to man that he might break it and that, by breaking it, he might be completely exposed.)

പഴയ മനുഷ്യൻ ന്യായപ്രമാണം അനുഷ്ഠിക്കുവാൻ ദൈവം ഉദ്ദേശിച്ചില്ല, കാരണം പഴയ മനുഷ്യന് അത് അനുഷ്ഠിക്കുവാൻ കഴിയില്ല (റോമ. 7:2)
(ദൈവം മനുഷ്യന് ന്യായപ്രമാണം നൽകിയത് അവൻ അത് ലംഘിക്കേണ്ടതിനും, അത് ലംഘിക്കുന്നതിലൂടെ, അവൻ പൂർണ്ണമായും തുറന്നുകാട്ടപ്പെടേണ്ടതിനും വേണ്ടിയായിരുന്നു എന്ന് ദയവായി വിശദമാക്കുക.)

### ദിവസം 2

**വിഷയം 3**

Romans 7:2-6 reveals that Christ is the new Husband (Rom. 7:2, 6:6)
(Please illustrate that as the old man, we were the husband; as the new man, we are the wife.)

ക്രിസ്തു പുതിയ ഭർത്താവാണെന്ന് റോമർ 7:2-6 വെളിപ്പെടുത്തുന്നു (റോമ. 7:2, 6:6)
(പഴയ മനുഷ്യനെന്ന നിലയിൽ നാം ഭർത്താവായിരുന്നു എന്നും; പുതുമനുഷ്യനെന്ന നിലയിൽ നാം ഭാര്യയാണെന്നും ദയവായി വിശദമാക്കുക.)

**വിഷയം** 4

As believers, we have two statuses (Rom. 7:3-4)
(Please illustrate that we now have only the new status of the proper wife, in which we take Christ as our Husband, and should no longer live according to the old man, that is, no longer take the old man as our husband.)

വിശ്വാസികളെന്ന നിലയിൽ നമുക്ക് രണ്ട് പദവികളുണ്ട് (റോമ. 7:3-4)
(നമുക്കിപ്പോൾ ക്രിസ്തുവിനെ നമ്മുടെ ഭർത്താവായി സ്വീകരിക്കുന്ന യോഗ്യയായ ഭാര്യയുടെ പുതിയ പദവി മാത്രമേയുള്ളൂ എന്നും, ഇനി പഴയ മനുഷ്യനനുസരിച്ച് ജീവിക്കരുത്, അതായത്, പഴയ മനുഷ്യനെ നമ്മുടെ ഭർത്താവായി സ്വീകരിക്കരുത് എന്നും ദയവായി വിശദമാക്കുക.)

**ദിവസം 3**

**വിഷയം 5**

Since Christ is our Husband, we must depend on Him and take Him as our Head (Eph. 5:23)
(Please illustrate that what it means to "take God as our Husband.")

ക്രിസ്തു നമ്മുടെ ഭർത്താവായതുകൊണ്ട്, നാം അവനെ ആശ്രയിക്കുകയും അവനെ നമ്മുടെ തലയായി കൈക്കൊള്ളുകയും വേണം (എഫെ. 5:23)
("ദൈവത്തെ നമ്മുടെ ഭർത്താവായി കൈക്കൊള്ളുക" എന്നതിന്റെ അർഥം എന്താണെന്ന് ദയവായി വിശദമാക്കുക.)

**വിഷയം 6**

Before a person believes into the Lord, he lives by the old man under the law. After he believes and is baptized, something within him begins to regulate him not to live in the old way (Rom. 7:3-4)
(Please illustrate with experience that according to their experience, many regenerated and baptized believers can testify to this change.)

ഒരു വ്യക്തി കർത്താവിൽ വിശ്വസിക്കുന്നതിനുമുമ്പ്, അവൻ ന്യായപ്രമാണത്തിൻ കീഴിൽ പഴയ മനുഷ്യനാൽ ജീവിക്കുന്നു. അവൻ വിശ്വസിച്ച് സ്നാനപ്പെട്ടതിനുശേഷം, പഴയ രീതിയിൽ ജീവിക്കരുതെന്ന് അവനെ നിയന്ത്രിക്കുവാൻ അവനുള്ളിൽ എന്തോ ഒന്ന് ആരംഭിക്കുന്നു (റോമ. 7:3-4)
(തങ്ങളുടെ അനുഭവമനുസരിച്ച്, വീണ്ടുംജനിപ്പിക്കപ്പെട്ടവരും സ്നാനപ്പെട്ടവരുമായ അനേകം വിശ്വാസികൾക്ക് ഈ മാറ്റത്തിന് സാക്ഷ്യം വഹിക്കുവാൻ കഴിയുമെന്ന് അനുഭവം വെച്ച് ദയവായി വിശദമാക്കുക.)

**ദിവസം 4**

**വിഷയം 7**

A vivid contrast between death and God, between bearing fruit to death and bearing fruit to God (Rom. 7:4-5)
(Please illustrate that the phrase bear fruit to God means that God comes forth, that God is brought forth as fruit.)

മരണത്തിനും ദൈവത്തിനും ഇടയിൽ, മരണത്തിന് ഫലം കായ്ക്കുന്നതിനും ദൈവത്തിന് ഫലം കായ്ക്കുന്നതിനും ഇടയിലുള്ള ഒരു വ്യക്തമായ വിരുദ്ധം (റോമ. 7:4-5)
(ദൈവത്തിന് ഫലം കായ്ക്കുക എന്ന വാക്യത്തിന്റെ അർഥം, ദൈവം പുറപ്പെട്ടു വരുന്നു എന്നും, ദൈവത്തെ ഫലമായി പുറത്തുകൊണ്ടുവരപ്പെടുന്നു എന്നും ആകുന്നു എന്ന് ദയവായി വിശദമാക്കുക.)

**വിഷയം 8**

After we are saved, we can gain the righteousness of the law without keeping the law (Rom. 7:4-5)
(Please illustrate that we are not saying that after salvation we don't need to keep the law and can sin freely; rather, being saved by grace, we have the Lord's life within us and naturally do not sin, which is having the fruit of the Spirit.)

നാം രക്ഷിക്കപ്പെട്ടതിനുശേഷം, ന്യായപ്രമാണം അനുഷ്ഠിക്കാതെതന്നെ നമുക്ക് ന്യായപ്രമാണത്തിന്റെ നീതി നേടുവാൻ കഴിയും (റോമ. 7:4-5)
(രക്ഷിക്കപ്പെട്ടതിനുശേഷം നാം ന്യായപ്രമാണം അനുസരിക്കേണ്ടതില്ലെന്നും യഥേഷ്ടം പാപം ചെയ്യാമെന്നും ഞങ്ങൾ പറയുന്നില്ല; മറിച്ച്, കൃപയാൽ രക്ഷിക്കപ്പെട്ടതുകൊണ്ട്, കർത്താവിന്റെ ജീവൻ നമ്മിൽ ഉള്ളതിനാൽ നാം സ്വാഭാവികമായി പാപം ചെയ്യുന്നില്ല, അതാണ് ആത്മാവിന്റെ ഫലം എന്ന് ദയവായി വിശദമാക്കുക.)

## ദിവസം 5

### വിഷയം 9

The function of the law (Rom. 7:6-7)
(Please illustrate that the law decreed by God functions in at least three ways.)

ന്യായപ്രമാണത്തിന്റെ പ്രവർത്തനം (റോമ. 7:6-7)
(ദൈവം കൽപ്പിച്ച ന്യായപ്രമാണം കുറഞ്ഞത് മൂന്ന് തരത്തിൽ പ്രവർത്തിക്കുന്നു എന്ന് ദയവായി വിശദമാക്കുക.)

### വിഷയം 10

We cannot be holy, but we can be sanctified (Phil. 2:12)
(Please illustrate that the Lord wants to come into us, be our life, and fulfill every requirement for us.)

നമുക്ക് വിശുദ്ധരാകുവാൻ കഴിയില്ല, എന്നാൽ നമുക്ക് വിശുദ്ധീകരിക്കപ്പെടുവാൻ കഴിയും (ഫിലി. 2:12)
(കർത്താവ് നമ്മിലേക്ക് വരുവാനും, നമ്മുടെ ജീവനായിരിക്കുവാനും, നമുക്കുവേണ്ടി എല്ലാ ആവശ്യകതകളും നിവർത്തിക്കുവാനും ആഗ്രഹിക്കുന്നു എന്ന് ദയവായി വിശദമാക്കുക.)

## ദിവസം 6

### വിഷയം 11

Both newness of life and newness of spirit are related to the Spirit (Rom. 6:4, 7:6)
(Please illustrate that we have the newness of life for our living; we have the newness of spirit for our service. )

ജീവന്റെ പുതുക്കവും ആത്മാവിന്റെ പുതുക്കവും ആത്മാവുമായി ബന്ധപ്പെട്ടിരിക്കുന്നു (റോമ. 6:4, 7:6)
(നമ്മുടെ ജീവിതത്തിനായി നമുക്ക് ജീവന്റെ പുതുക്കമുണ്ട്; നമ്മുടെ ശുശ്രൂഷയ്ക്കായി നമുക്ക് ആത്മാവിന്റെ പുതുക്കമുണ്ട് എന്ന് ദയവായി വിശദമാക്കുക.)

### വിഷയം 12

We all must learn how to exercise our spirit (Rom. 6:4, 7:6)
(Please illustrate with experience that when you come to the meetings of the church, exercise your spirit, you will have something new to offer the brothers and sisters.)

നാമെല്ലാവരും നമ്മുടെ ആത്മാവിനെ എങ്ങനെ വ്യായാമം ചെയ്യണം എന്ന് പഠിക്കണം (റോമ. 6:4, 7:6)

(നിങ്ങൾ സഭായോഗങ്ങൾക്ക് വരുമ്പോൾ, നിങ്ങളുടെ ആത്മാവിനെ വ്യായാമം ചെയ്യുമ്പോൾ, സഹോദരീസഹോദരന്മാർക്ക് നൽകുവാൻ നിങ്ങൾക്ക് പുതിയതായി എന്തെങ്കിലും ഉണ്ടാകുമെന്ന് അനുഭവം വെച്ച് ദയവായി വിശദമാക്കുക.)